**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **29-07-2021 - ൽ മറുപടിയ്ക്ക്**

**തുക അനുവദിച്ചിട്ടുള്ള പദ്ധതികളുടെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതലുള്ള സംസ്ഥാന ബജറ്റുകളിൽ തുക അനുവദിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്തവ ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ; അത്തരം പദ്ധതികളുടെ നടപടിക്രമങ്ങൾ എത്രയും വേഗത്തിൽ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | 2016 മുതലുള്ള സംസ്ഥാന ബജറ്റുകളിൽ സംസ്ഥാനത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നു വരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും, വിവിധ ജില്ലാ കളക്ടർമാരും, വിവിധ വകുപ്പ് മേധാവികളും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ അനുവദിച്ച 8067.57 കോടി രൂപയുടെ പദ്ധതികളിൽ 2971.66 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാകുകയും, 5095.91 കോടി രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലുമാണ്. കൂടാതെ, പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ അനുവദിച്ച 1428.99 കോടി രൂപയുടെ പദ്ധതികളിൽ 926.09 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാകുകയും, 502.90 കോടി രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലുമാണ്. വിവിധ വകുപ്പുകളിൽ മേൽ കാലയളവിൽ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഒഴികെയുള്ള പദ്ധതികളിൽ ബഹുഭൂരിപക്ഷത്തിനും ഭരണാനുമതി ലഭിക്കുകയും അവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ സാധ്യതാപഠനം, അനുയോജ്യമായ സ്ഥലം കണ്ടെത്തൽ, സ്ട്രക്ച്ചറൽ ഡ്രായിംഗ്/ ഡിസൈൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, അംഗീകരിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടി വരുന്നതിനു നിശ്ചിത സമയം ആവശ്യമായി വരുന്നതിനാൽ അവ പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | | | അവശേഷിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ